**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.653 10.07.2014 - ൽ മറുപടിക്ക്

## <u>സ്വാശ്രയ നഴ് സിംഗ് കോളേജുകളിലെ പ്രവേശനം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. പ്രദീപ്കുമാർ**<br>**ശ്രീ. എം.എ. ബേബി**<br>**ശ്രീ. ജെയിംസ് മാത്യു**<br>**ശ്രീ. എം. ഹംസ** | **ശ്രീ. വി.എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി)** |
| എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ നഴ് സിംഗ് കോളേജുകൾ ഉണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത കോളേജുകളിൽ പ്രവേശനത്തിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്താണ് ; അതിന്മേൽ സർക്കാരിന് എന്തെങ്കിലും മേൽനോട്ട മുണ്ടോ ; | എ) സംസ്ഥാനത്ത് ആകെ 111 സ്വാശ്രയ നഴ് സിംഗ് കോളേജുകളുണ്ട്. ഇതിൽ സർക്കാരുമായി 94 നഴ്സിംഗ് കോളേജുകൾ പ്രവേശന കരാറിലേർപ്പെട്ടിട്ടുണ്ട്. 50% മാർക്ക് നേടി ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഉൾപ്പെട്ട ഹയർ സെക്കന്ററിയോ തത്തുല്യ യോഗ്യതയോ ആണ് പ്രവേശനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത. പ്രവേശനം സർക്കാർ നിശ്ചയിക്കുന്ന പ്രകാരം ബന്ധപ്പെട്ട വകുപ്പോ, ഏജൻസികളോ ആണ് നടത്തുന്നത്. സർക്കാർ മേൽനോട്ടത്തിലാണ് കരാറിലേർപ്പെട്ട കോളേജുകളിലെ 50% സീറ്റിലേയ്ക്ക് പ്രവേശനം നടത്തുന്നത്. |
| ബി) പ്രസ്തുത കോളേജുകളിൽ ഫീസ് ഈടാക്കുന്നത് എന്തെങ്കിലും മാനദണ്ഡ പ്രകാരമാണോ; സർക്കാർ എന്തെങ്കിലും പരിശോധന നടത്താറുണ്ടോ ; | ബി) സംസ്ഥാനത്തെ നഴ്സിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളുടെ ഫീസ് ഘടന നിർണ്ണയത്തിനായി ജസ്റ്റിസ് ജയിംസ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ നഴ്സിംഗ് കോളേജുകളെ സംബന്ധിച്ച് സ്വകാര്യ നഴ്സിംഗ് കോളേജ് മാനേജ്മെന്റുകളും സർക്കാരും ചർച്ച ചെയ്താണ് നിലവിൽ ഫീസ് നിശ്ചയിക്കുന്നത്. സ്വകാര്യ നഴ്സിംഗ് കോളേജുകളിൽ നഴ്സിംഗ് കൗൺസിൽ പരിശോധന നടത്താറുണ്ട്. |

സി) ആരോഗ്യ സർവ്വകലാശാല ഇപ്രാവശ്യം നടത്തിയ ഒന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് പരീക്ഷയിൽ കൂട്ടത്തോൽവി ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ ഫാക്കൽറ്റി നിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും മാനദണ്ഡമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സി) സർക്കാർ നഴ്സിംഗ് കോളേജുകളിൽ കൂട്ടത്തോൽവി ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. 2012–13 ബാച്ചിലെ ആദ്യവർഷത്തെ വിജയശതമാനം 33.87% ആണ്. ആരോഗ്യ സർവ്വകലാശാല 2009 ഡിസംബറിൽ നിലവിൽ വന്നതിനു ശേഷം തുടങ്ങിയ നേഴ്സിംഗ് ബാച്ചുകളിൽ ആദ്യ വർഷത്തെ പരീക്ഷാഫലം 50% ത്തിൽ കുറവ് ആയിരുന്നു. പിന്നീട് ഇതേ കുട്ടികളുടെ തന്നെ രണ്ടാം വർഷത്തേയും മൂന്നാം വർഷത്തേയും പരീക്ഷാഫലങ്ങൾ 65% ന് മുകളിലായി ഉയർന്നു.

(ആഗസ്റ്റ് 10 -11 ആദ്യവർഷം 28.08 രണ്ടാം വർഷം 63.36, മൂന്നാം വർഷം 77.22

11 – 12 ആദ്യവർഷം 24.19, രണ്ടാം വർഷം 63.83

12 – 13 ആദ്യ വർഷം 33.87)

കുറഞ്ഞ വിജയശതമാനമുള്ള കോളേജുകളിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന നിഗമനങ്ങളിൽ ആരോഗ്യ സർവ്വകലാശാല എത്തിച്ചേർന്നിട്ടുണ്ട്.

- മാനേജ്മെന്റ് ക്വാട്ട സീറ്റുകളിൽ താരതമ്യേന മാർക്ക് കുറഞ്ഞ കുട്ടികളാണ് ചേരുന്നത്.
- ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ 50% മാർക്കാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഇപ്പോഴത്തെ നിലവാരം അനുസരിച്ച് 50% മാർക്ക് എന്നത് പഠന നിലവാരം ഉറപ്പുവരുത്തുന്നതിന് ഉതകുന്നില്ല.
- നഴ്സിംഗ് കോഴ്സുകൾക്ക് പൊതുവെ സ്കൂൾ തലത്തിൽ മലയാളം ബോധന മാധ്യമമായതുകൊണ്ട് പെട്ടെന്നുള്ള മാധ്യമമാറ്റം ആദ്യവർഷ പരീക്ഷാ ഫലത്തിൽ പ്രതിഫലിക്കാറുണ്ട്.
- മികവുറ്റ അദ്ധ്യാപകരുടെ കുറവ് ഒരു പരിധിവരെ ഇതിന് കാരണമാണ്.
- അനാട്ടമി, ഫിസിയോളജി മുതലായ മെഡിക്കൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് മെഡിക്കൽ ബിരുദധാരികൾ ആണ്. കുട്ടികളുടെ

നിലവാരമനുസരിച്ച് ക്ലാസ്സ് എടുക്കുന്നതിന് ഇത് തടസ്സമാകുന്നു.

എന്നാൽ രണ്ടാംവർഷം മുതൽ കുട്ടികൾ പഠന രീതിയുമായി പൊരുത്തപ്പെടുന്നതിനാൽ അവരുടെ റിസൾട്ട് മെച്ചപ്പെട്ടിട്ടുണ്ട്.

ആരോഗ്യ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ ഈ വിഷയം ചർച്ചചെയ്യുകയും അദ്ധ്യാപന നിലവാരം ഉയർത്തുന്നതിന് ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടത്തുന്നതിന് തീരുമാനം എടുത്തിട്ടുമുണ്ട്. അക്കാദമിക് സ്റ്റാഫ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് ഇൻസ്പെക്ഷൻ ഫലപ്രദമായ രീതിയിൽ നടത്തുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ അദ്ധ്യാപകരുടെ യോഗ്യതകൾ പരിശോധിച്ച് അക്രഡിറ്റേഷൻ നൽകുന്നതിന് ഗവേണിംഗ് കൗൺസിൽ തീരുമാന പ്രകാരം, കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**